പ്രവർത്തനം അത്യാവശ്യ സേവനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ട സ്ഥിതിയുണ്ടായിരുന്നു. ഈ കാലയളവിലുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാതിരുന്ന അസാധാരണ സാഹചര്യം കണക്കിലെടുത്ത് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിന് സർക്കാർ ശിപാർശ ചെയ്തിരുന്നു.

(എഫ്) 20-3-2020-ന് കാലാവധി കഴിഞ്ഞുപോയ ലിസ്റ്റ് 30-3-2020-ലെ ഉത്തരവുപ്രകാരം പുനരുജ്ജീവിപ്പിക്കാമെങ്കിൽ 21-3-2020 മുതൽ 4-2-2021 വരെയുള്ള പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി ഒന്നര വർഷം വരെ പരമാവധി കാലാവധി നൽകി പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല

എൽ.പി.എസ്.എ. തസ്തികയിലെ നിയമനം

55 (4779) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിലേയ്ക്ക് വിവിധ വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിന്മേൽ നിലവിലുള്ള ചട്ടപ്രകാരം നിയമന ശിപാർശ നൽകേണ്ട സമയപരിധി വ്യക്തമാക്കുമോ?

നിശ്ചയിച്ചിട്ടില്ല.

(ബി) റാങ്ക് പട്ടികയിലെ നിയമനത്തിന്മേൽ അഡ്വൈസ് മെമ്മോ ഇഷ്യൂ ചെയ്തതിന്റെ ഏതെങ്കിലും തരത്തിലുള്ള സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

കോടതി നടപടികൾ നിയമന ശിപാർശകളെ ദോഷകരമായി ബാധിക്കുന്ന അവസരങ്ങളിൽ കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനും സ്റ്റേ vacate ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ പി.എസ്.സി.-യുടെ ലീഗൽ റീപ്രസന്റേറ്റീവിന് കത്ത് നൽകുകയാണ് കമ്മീഷൻ സ്വീകരിക്കുന്ന നടപടിക്രമം.

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേക്ക് 18-9-2019-ൽ റിപ്പോർട്ട് ചെയ്തിരുന്ന 47 ഒഴിവുകളിലെ നിയമന ശിപാർശ തടയുന്നതുമായി ബന്ധപ്പെട്ട് ഹർജി നൽകിയവർ നിയമന ശിപാർശ തടസ്സപ്പെടുത്തുന്നതിന് ഉന്നയിച്ച തടസ്സവാദമെന്താണ്; ഈ ഹർജിക്കാർക്ക് ഇതേ തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇവർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതാണോ; ഇല്ലെങ്കിൽ സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യഥാസമയം സ്റ്റേ ഒഴിവാക്കി ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാത്തത് റാങ്ക് പട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സമയബന്ധിതമായി നിയമനം നൽകുക എന്ന സർക്കാർ നയത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ;

&

(ഇ) റിപ്പോർട്ട് ചെയ്യപ്പെട്ട 47 ഒഴിവുകളിലേക്ക് അടിയന്തരമായി സ്റ്റേ ഒഴിവാക്കി നിയമന ശിപാർശ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ LPSA തസ്തികയുടെ കാറ്റഗറി നമ്പർ 389/2008 ആയുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്ത 47 ഒഴിവുകളിലേക്കുള്ള നിയമനശിപാർശ തടയുന്നതിനായി കാറ്റഗറി നമ്പർ 387/2014 തസ്തികയുടെ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിൻമേലാണ് ഇടക്കാല ഉത്തരവിലൂടെ മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിയമന ശിപാർശ സ്റ്റേ ചെയ്തത്. മുൻ റാങ്ക് പട്ടിക നാലര വർഷം കാലാവധി ലഭിച്ച ലിസ്റ്റാണെന്നും ആയതിനാൽ പ്രസ്തുത 47 ഒഴിവുകൾ ടി ലിസ്റ്റിലുള്ളവർക്ക് അവകാശപ്പെട്തല്ലെന്നും കാറ്റഗറി നമ്പർ 387/2014 സെലക്ഷന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഹർജിക്കാർക്ക് അവകാശപ്പെട്തുമാണെന്നായിരുന്നു ഹർജിക്കാരുടെ തടസ്സവാദം. എന്നാൽ ടി ഹർജിക്കാർക്കെല്ലാം തന്നെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾക്കായി ലീഗൽ റിറ്റെനർക്ക് കത്ത് PSC നൽകിയിട്ടുണ്ട്

കേരഫെഡിന്റെ ഫീഡർ കാറ്റഗറി റൂൾസ്

56 (4780) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ ഫീഡർ കാറ്റഗറി റൂൾസിന് (സ്പെഷ്യൽ റൂൾ) നിലവിൽ അംഗീകാരം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം നൽകുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം ലഭ്യമാകാത്തത് കേരഫെഡിലെ ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം നൽകുന്ന നടപടി വേഗത്തിലാക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly